പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2596

19/12/2012-ൽ മറുപടിയ്ക്ക്

**മാടായിക്കാവ് ക്ഷേത്രത്തിലെത്തുന്നവരുടെ താമസ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ തിരുവർക്കാട്ട് കാവ് (മാടായിക്കാവ്) ക്ഷേത്രത്തിലേക്കുള്ള തീർത്ഥാടകരുടെ എണ്ണത്തിലുണ്ടായ വർദ്ധനവും സൗകര്യക്കുറവും പരിഗണിച്ച് താമസ സൗകര്യത്തിന് നിലവിലുള്ള വരദായനി കെട്ടിടം റിപ്പയർ ചെയ്യുന്നതിനും അതിനുമുകളിൽ ഡോർമെറ്ററി നിർമ്മിക്കുന്നതിനും ഉള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലെ കാലതാമസത്തിൻെറ കാരണം വ്യക്തമാക്കാമോ; | എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ കണ്ണൂർ ജില്ലയിലെ ശ്രീ മാടായിക്കാവ് ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്കുള്ള താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ക്ഷേത്രം വകയായുള്ള വരദായനി കെട്ടിടം റിപ്പയർ ചെയ്യുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ചിട്ടുണ്ട്. ക്ഷേത്ര ഭരണാധികാരി ടെണ്ടർ ക്ഷണിച്ചെങ്കിലും ഒരു ടെണ്ടർ മാത്രം ലഭിച്ചതിനാൽ നിശ്ചിത സമയപരിധിക്കകം പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതെ വന്നു. ഇതിനിടയിൽ കെട്ടിടത്തിൻെറ നിർമ്മാണ പ്രവൃത്തിയിൽ വൻ അഴിമതി നടന്നതായും, ഇതിന് ഉത്തരവാദികളായ അന്നത്തെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും കാണിച്ച് കോഴിക്കോട് വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ട്രൈബ്യൂണൽ മുമ്പാകെ നിലവിലുള്ള കേസ്സ് തീരാതെ കെട്ടിടത്തിൻെറ ഇപ്പോഴത്തെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കരുതെന്ന് കാണിച്ച് ശ്രീ. സി. നാരായണൻ എന്നയാൾ പരാതി സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പുന:രുദ്ധാരണ പ്രവൃത്തികൾക്ക് തടസ്സമുണ്ടോ എന്ന് ആരാഞ്ഞ് ദേവസ്വം വിജിലൻസിൽ ഹർജി ഫയൽ ചെയ്യുകയും തടസ്സമില്ലെന്ന് കാണിച്ച് 10/12/2012 -ന് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ കാരണങ്ങൾ കൊണ്ടാണ് നിർമ്മാണ പ്രവൃത്തി വൈകിയത്. |
| ബി) ഡോർമെറ്ററി നിർമ്മിക്കുന്നതിന് ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നതിനും സൗകര്യം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ബി) വരദായനി കെട്ടിടത്തിൻെറ റിപ്പയറിംഗിനും, പ്രസ്തുത കെട്ടിടത്തിൻെറ മുകളിൽ ഡോർമിറ്ററി നിർമ്മിക്കുന്നതിനുമുള്ള തടസ്സങ്ങൾ നീങ്ങിയ തിനാൽ 13/12/2012 -ന് വീണ്ടും ടെണ്ടർ ക്ഷണിച്ച്, പത്രപ്പരസ്യം നൽകിയിട്ടുണ്ട്. ടെണ്ടർ ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ